Thread Factory, Shark liver Oil Factory, എന്നിവ പ്രത്യേകംപ്രസ്താവ്യമാണ്.

മേൽപറഞ്ഞ പദ്ധതികൾക്കു പുറമെ മൻകൊല്ലങ്ങളിൽ ആരംഭിച്ചിട്ടുള്ള കോതയാർ പദ്ധതി, പെരുഞ്ചാനി പദ്ധതി, പീച്ചി റിസർവോയർ പദ്ധതി, ചാലക്കുടി പദ്ധതി, പെരിങ്ങൽക്കുത്തു പദ്ധതി, പള്ളിവാസൽ പദ്ധതിയുടെ രണ്ടാം ഘട്ടം, ശെങ്കുളം പദ്ധതി മുതലായവ ഇക്കൊല്ലത്തിലും തുടർന്പോകുന്നുണ്ട്. കുറഞ്ഞ വിലക്കുള്ള ഭക്ഷ്യധാന്യവിതരണം, തുണിയുടെ നിയന്ത്രണം മുതലായവയും പൊതുജനങ്ങളുടെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഉതകുന്നുണ്ട്.

ശ്രീ. സി. പി. ഗോപാലപ്പണിക്കർ

* ൯. (൯) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

ശ്രീ. സി. പി. ഗോപാലപ്പണിക്കരുടെ പേരിൽ നടത്തിയ കേസ്സിനു ഗവ ൺമെണ്ടിൽനിന്നും എത്ര രൂപാ ചെലവായി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ: പല അധികാരികളും ഉദ്യോഗസ്ഥന്മാരും ആ വിചാരണയിൽ പങ്കെടുത്തിട്ടുണ്ട്. അവരുടെ ഓരോരുത്തരുടേയും പേക്കു ഈ വിചാരണ സംബന്ധമായി ചിലവായിരിക്കുന്ന പണത്തുകയുടെ വിവരമായ കണക്കു കിട്ടിയിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ കേസിനു എത്ര ചിലവായിട്ടുണ്ട്?

ശ്രീ എ. ജെ. ജോൺ: ചിലവായ സംഖ്യയുടെ കൃത്യമായ കണക്കു ഇതേവരെ കിട്ടിയിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ കേസ് തീർന്നിട്ടു എത്ര മാസമായി?

ശ്രീ. എ. ജെ. ജോൺ: അഞ്ചാറുമാസമായി.

ശ്രീ. ജോസഫ് ജോൺ; ശ്രീ. ജി. ആർ പിള്ള

* ൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ശ്രീ. ജോസഫ് ജോൺ, ശ്രീ. ജി. ആർ. പിള്ള എന്നിവരുടെ പേരിലുള്ള കേസ്സിനു ഇതിനകം എത്ര രൂപാ ചെലവായി;

(ബി) ഇതിനുവേണ്ടിയുള്ള സ്പെഷ്യൽ കോടതിയിൽ ഗവൺമെണ്ടു് മാത്രം കേസ്സു നടത്തുന്ന അഡ്വക്കേറ്റ ആരാണ്;

(സി) അദ്ദേഹത്തിന്റെ ശമ്പളമെന്ത്;

(ഡി) ശമ്പളത്തിനുംപുറമേ അദ്ദേഹത്തിനു പ്രത്യേകം അലവൻസു നല്കുന്നുണ്ടോ;

(ഇ) പ്രത്യേക അലവൻസു പ്രതിദിനക്കണക്കിനാണു നല്കുന്നതെങ്കിൽ ദിവസംപ്രതി എത്ര രൂപാ;

(എഫ്) ഈ ഡിസംബർമാസാവസാനം വരെ എത്ര രൂപാ അദ്ദേഹത്തിനു നല്കിയിട്ടുണ്ട്;

(ജി) ഇനിയും എത്ര ദിവസംകൂടി കേസു നടത്തേണ്ടതായി വരും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ: (എ) അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ നിശ്ചിത തുക അറിവില്ല. കണക്കു തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly